# 'ദൈവത്തോടു നന്ദിയുള്ളവരാകുക'

## ആവർത്തനം 28:47,48

''സകല വസ്തുക്കളുടെയും സമൃദ്ധി ഹേതുവായിട്ടു നിന്റെ ദൈവമായ യഹോവയെ നീ ഉന്മേഷത്തോടും നല്ല ഹൃദയസന്തോഷത്തോടുംകൂടെ സേവിക്കായ്കകൊണ്ടു യഹോവ നിന്റെ നേരെ അയക്കുന്ന ശത്രുക്കളെ നീ വിശപ്പോടും ദാഹത്തോടും നഗ്നതയോടും എല്ലാ ഞെരുക്കത്തോടുംകൂടെ സേവിക്കും.''

നിന്റെ ദൈവമായ യഹോവയുടെ വാക്ക് നീ ശ്രദ്ധയോടെ കേട്ട് അവയെ പ്രമാണിച്ചു നടന്നാൽ നിന്നെ ഞാൻ അനുഗ്രഹിക്കുകയും അവയെ മറുതലിച്ചാൽ അതു ശാപമായി തീരുകയും ചെയ്യും എന്ന ദൈവകല്പന യിസ്രായേലിനു ദൈവം കൊടുത്തിരുന്നു. എന്നാൽ കനാൻ നാട്ടിലെ സമൃദ്ധിയുടെ നിറവിൽ അവർ വിവധങ്ങളായ പാപങ്ങൾക്ക് വീണുപോയി. അതിനാൽ ബാബിലോണിന് അടിമകളായിത്തീർന്നു. ഈ സംഭവത്തെ കാണിക്കുന്ന ഒരു ദൈവവചനത്തിന്റെ ഉള്ളടക്കം ആണല്ലോ കുറിവാക്യത്തിൽ വായിച്ചത്. ഇവിടെ ദൈവമായ കർത്താവിനെ പൂർണ്ണമായി അന്വേഷിക്കാൻ, സേവിക്കാൻ, സ്നേഹിക്കാൻ ചില തടസ്സങ്ങൾ അവരുടെ ജീവിതത്തിൽ കടന്നുവരുന്നു. അതായത് ''സകല വസ്തുക്കളുടെയും സമൃദ്ധി'' ഏറെക്കുറെ ഇതേ ഒരു കാലഘട്ടത്തിൽ തന്നെയാണ് ഇന്ന് നമ്മുടെയും ജീവിതം മുന്നോട്ടു പോകുന്നത്.

പുതിയ നിയമ വിശ്വാസിക്കും ദൈവത്തിന്റെ ആദ്യകല്പന 'നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ ശ്കതിയോടും, പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം' എന്നാണല്ലോ. എന്നാൽ സകലതും സമൃദ്ധിയായി ലഭിക്കുന്ന ഒരു ജീവിത സാഹചര്യത്തിന്റെ നടുവിലാണ് നാമും നമ്മുടെ തലമുറകളും . അതുകൊണ്ട് ഇന്ന് അവശ്യബോധം ഇല്ല. ആദിമകാലത്ത് പിതാക്കന്മാർക്ക് സകലതും ദൈവത്തിൽ ആശ്രയിച്ച് നേടണമായിരുന്നു. അതുകൊണ്ട് സങ്കീർത്തനക്കാരനും പാടി. ഞാൻ എന്റെ കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു. എന്റെ സഹായം ആകാശവും ഭൂമിയും ഉണ്ടാക്കിയ യഹോവയിൽ നിന്നു വരുന്നു. കണ്ണ് ഉന്നതനായ ദൈവത്തിങ്കലേക്ക് ഉയർത്തിയെങ്കിലേ സഹായം ലഭിക്കുകയുള്ളൂ. ഇന്ന് അവൻ ആയിരിക്കുന്ന സാഹചര്യങ്ങളുടെ, ലോകത്തിന്റെ ചുറ്റും ഒന്ന് കണ്ണോടിച്ചാൽ മതി സകലവും സുലഭം. കൈവശമാക്കാൻ പണവും സുലഭം. അഥവാ ഇല്ലെങ്കിൽ അതിനായി ഏതുമാർഗ്ഗവും അവലംബിക്കാനും സന്നദ്ധമായ വ്യക്തിത്വം.

ഇങ്ങനെയൊരു ലോകത്തിന്റെ നടുവിൽ ദൈവമക്കൾ ജീവിക്കുമ്പോൾ നാം എത്രമാത്രം ജാഗരൂകരായിരിക്കണം എന്ന് ദൈവവചനം ഓർപ്പിക്കുന്നു. നമ്മുടെ തലമുറകളെ

എത്ര ശ്രദ്ധയോടെ വളർത്തണം എന്നൊക്കെയുള്ള ബോധം പരിശുദ്ധാത്മാവ് തരുന്നു. അത് ഏറ്റെടുക്കാൻ കർത്താവ് സഹായിക്കട്ടെ. ദൈവഹിതപ്രകാരം ചിലത് നന്മകൾ എന്ന് നാം വിശ്വസിച്ചാലും അത് ലഭിച്ചില്ലെങ്കിൽ അതിനായി ദൈവത്തെ സ്തോത്രം ചെയ്യാം. കാരണം ആ നന്മ ഒരുപക്ഷേ അറിയാതെ പോലും ദാതാവിനെ ഉന്മേഷത്തോടും സന്തോഷ ത്തോടും സേവിക്കാൻ തടസ്സമായി നമ്മുടെ ജീവിതത്തിൽ കടന്നുവരാം. ലഭിക്കാതെ വരു മ്പോൾ പരാതിപ്പെടാതെ ദൈവഹിതം തിരിച്ചറിയാൻ പ്രാർത്ഥിക്കാം.

ജീവിതത്തിൽ എന്തുലഭിച്ചാലും അതിനൊക്കെയും ഹൃദയം നിറഞ്ഞ് നന്ദി കരേറ്റി ജീവിക്കാൻ നമുക്കും, നമ്മുടെ സാക്ഷ്യം തലമുറകൾക്കും മാതൃകയാകട്ടെ. ആത്മീക ജീവി തവും അതിന്റെ നിറവിൽ മുന്നോട്ടു നയിക്കുമ്പോഴും ഒന്ന് ശോധന ചെയ്യുക. ദൈവത്തെ എനിക്ക് ഹൃദയം നിറയുന്ന സന്തോഷത്തോടും ഉന്മേഷത്തോടും അനുഭവിക്കാൻ കഴിയു ന്നുണ്ടോ. ഇന്ന് ദൈവമക്കളുടെ ഒരു വലിയ വെല്ലുവിളിയാണ് ഇത്. ക്രിസ്തീയ ഭവനങ്ങ ളുടെയും തലമുറകളുടെ അധഃപതനത്തിന്റെ മൂലകാരണം ഇതുതന്നെയാകുന്നു. 'സമൃദ്ധി' അത് ദൈവാശ്രയത്വത്തിനും ദൈവിക സമ്പർക്കത്തിന്റെ പരിപൂർണ്ണതയ്ക്കും തടസ്സമായി നിൽക്കുന്നു. വളരെ ശ്രദ്ധയോടെ ദൈവിക പരിജ്ഞാനത്തോടെ ഈ വിഷയത്തിന്മേൽ ജയം പ്രാപിക്കാൻ കർത്താവ് സഹായിക്കട്ടെ. 'വസ്തുവകകളുടെ സമൃദ്ധി' ദൈവത്തിന്റെ ദാനം തന്നെയാണ് സംശയമില്ല. എന്നാൽ ഈ സമൃദ്ധി എങ്ങനെ നാം കൈകാര്യം ചെയ്യുന്നു. അതിനോടുള്ള ദൈവമക്കളുടെ സമീപനം എന്തായിരുന്നു എന്നതായിരുന്നു വിഷയം. അതുകൊണ്ട് യിരമ്യാവ് 12:2ൽ പറയുന്നതുപോലെ അവരുടെ വായിൽ നീ സമീപ സ്ഥനായും, അന്തരംഗത്തിൽ ദൂരസ്ഥനായും ഇരിക്കുന്നു എന്ന് കർത്താവ് നമ്മെക്കുറിച്ച് പറയാൻ ഇടയാക്കരുതേ എന്ന് പ്രാർത്ഥിക്കാം. ജീവിതത്തിലെ നന്മകളുടെ സമൃദ്ധി, അറിഞ്ഞോ അറിയാതയോ ദൈവത്തെ മഹത്വീകരിച്ച് ജീവിക്കാൻ നമ്മെ തടസ്സപ്പെടു ത്താതെ കുടുംബമായി യോശുവയുടെ സാക്ഷ്യം വെളിപ്പെടുത്തി 'അതേ ഞാനും എന്റെ കുടുംബവും ഞങ്ങൾ യഹോവയെ സേവിക്കും' എന്ന ഉറച്ച തീരുമാനത്തോടെ മാത്രം ജീവിക്കാൻ ഏവരെയും സഹായിക്കാൻ പ്രാർത്ഥിക്കാം.

പരാമർശം :

കൊലൊസ്സ്യർ 3:17

വാക്കിനാലോ, ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിന്നു സ്തോത്രം പറഞ്ഞുംകൊണ്ടിരിപ്പിൻ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 088